കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

## 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/10/70/2017

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്

തീയതി.13.01.2017..

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

പ്രസിഡന്റ് സെക്രട്ടറി മുഖേന

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എസ്.ഡി-10/70/2017 തിയ്യതി:13.01.2017

# കാസറഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2016 മുതൽ 30-06-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. രാജാരാമ .സി.ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിനു വിനിയോഗിച്ച സമയം : 05-01-2017 മുതൽ 10-01-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മഹേഷ.ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ഗോപാലകൃഷ്ണ നായിക്, | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജയാനന്ദ.എച്ച് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. യാദവകുമാര. സി.എച്ച് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവശങ്കര. കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.ജെ വർക്കി | 01-04-15 മുതൽ 31-10-2015വരെ |
| | പ്രസീത രാജൻ | 01-11-2015 മുതൽ 31-03-2016വരെ |
| സെക്രട്ടറി | സി.ദാമോദരൻ | 01-04-2015 ANമുതൽ 31-03-2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | പി.രാജൻ | 01-04-2015 മുതൽ 31-01-2016വരെ |
| | ഒഴിവ് | 01-02-2016 മുതൽ31-03-2016വരെ |
| അസി.എഞ്ചിനിയർ | സജ്ജ.ബി.എസ് | 01-04-2015 മുതൽ 21-07-2015വരെ |
| | മോഹനനൻ.പി | 22-07-2015 മുതൽ 31-03-2016വരെ |
| കൃഷി ഓഫീസർ | സുമ.ഡി.എൽ | 01-04-2015 മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ദാക്ഷായണി | 01-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ ഭീമനടി | സുരേന്ദ്രൻ.വി | 01-04-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ നർക്കിലക്കാട് | ഷീജ.ഇ.എസ് | 01-04-2015 മുതൽ 03-12-2015വരെ |
| | സുരേന്ദ്രൻ.വി(in-charge) | 04-12-2015മുതൽ 31-03-2016വരെ |
| ഹെഡ്മാസ്റ്റർ | ഒ.എം.ബാലകൃഷ്ണൻ | 01-04-2015 മുതൽ 31-03-2016വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.അനീഷ്.കെ.ആർ | 01-04-2015 മുതൽ 23-03-2016വരെ |
| | ഡോ.സനീം.വി | 24-03-2016 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | ഡോ.ഷൈനി | 01-04-2015 മുതൽ 13-11-2015വരെ |
| | ഡോ.ഉഷ | 14-11-2015 മുതൽ 30-01-2016വരെ |
| | ഡോ.ഭാഗ്യശ്രീ | 31-01-2016 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി (PHC) | ഡോ.രതീഷ്.ആർ | 01-04-2015 മുതൽ 31-12-2015വരെ |
| | ഡോ.വസുത്തനന്ദ് | 01-01-2016 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സ്മിത വേലായുധൻ | 01-04-2015 മുതൽ 23-07-2015വരെ |
| | ഡോ.പ്രതിഭ വി.പി | 24-07-2015 മുതൽ 21-01-2016വരെ |
| | ഡോ.ദിവ്യ ഗോപാലൻ | 22-01-2016 മുതൽ 31-03-2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി രജിസ്റ്ററുകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 2-1 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല. | 2-2 |
| | ഭാഗം -3 | |
| 15 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ടാറിംഗ് നിലവിലുള്ള (bituminous surface) പ്രതലത്തിൽ ടാക്ക് കോട്ട് (tack coat) ചെയ്യുന്നതിന് പുതുതായി മെറ്റലിംഗ് നടത്തിയ പ്രതലത്തിൽ (W.B.M surface) ടാക്ക് കോട്ട് ചെയ്യുന്നതിനുള്ള നിരക്ക് അനുവദിച്ചു. | 3-1 |
| 16 | മാങ്ങോട്-പാത്തിക്കടവ് റോഡ് റീടാറിംഗ് പ്രവൃത്തി - ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു. | 3-2 |
| 17 | കുരാങ്കുണ്ട്-മാവുള്ളാൽ റോഡ് റീടാറിംഗ് പ്രവൃത്തി - 30.48% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 36.19% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു. | 3-3 |
| 18 | അമ്പാടി ബസാർ- എളേരി കോളേജ് റോഡ് ടാറിംഗ് പ്രവൃത്തി - സാങ്കേതികാനുമതി തുകയ്ക്ക് പരിമിതപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചു. | 3-4 |
| 19 | മൗക്കോട് പി.എച്ച്.സി കെട്ടിടം അറ്റകുറ്റപണി-ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചില്ല. | 3-5 |
| 20 | അംഗൺവാടി കെട്ടിട നിർമ്മാണം പ്രവൃത്തി - തെറ്റായ നിരക്ക് അനുവദിച്ചതിനാൽ 2,570/- രൂപയുടെ നഷ്ടം | 3-6 |
| 21 | എച്ചിലകയം വരംബുപാറ റോഡ് നവീകരണം പ്രവൃത്തി - തെറ്റായ നിരക്ക് അനുവദിച്ചതിനാൽ 15,223/- രൂപയുടെ നഷ്ടം. | 3-7 |
| 22 | ഇന്റർലോക്ക് പേവിംഗ് പ്രവൃത്തി - അധികം ചെലവ് - | 3-8 |

| | | |
|---|---|---|
| 23 | അംഗൺവാടികൾക്ക് സൈഡ് കെട്ടൽ ചുട്ടമതിൽ നിർമ്മാണം - കരാറുകാരന് അധികം തുക നൽക്കിയതു - ഓഡിറ്റ്ൽ അംഗീകരിക്കുന്നതല്ല. | 3-9 |
| 24 | വിനിയോഗസാക്ഷ്യപത്രം - ലഭ്യമാക്കിയിട്ടില്ല. | 3-10 |
| 25 | പൊതു ടാപ്പുകളുടെ ചാർജ്ജ് ഒടുക്കുന്നതിന് ശരിയായ കണക്കുകളില്ല. | 3-11 |
| 26 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-12 |
| 27 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാകിയിട്ടില്ല. | 3-13 |
| 28 | പാലിയേറ്റീവ്കേയർ പദ്ധതി - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കുവാനുള്ളത് 1,64,751/-രൂപയുടെ മരുന്നുകൾ | 3-14 |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 49/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 2,63,06,587 |
| വരവ് | 13,67,46,400 |

| | |
|---|---|
| ആകെ | 16,30,52,987 |
| ചെലവ് | 16,15,30,887 |
| നീക്കിയിരിപ്പ് | 15,22,100 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 06-01-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

2) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം.

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 3,05,22,265 |
| വരവ് | 10,03,82,873 |
| ആകെ | 13,09,05,138 |
| ചെലവ് | 11,93,60,544 |
| നീക്കിയിരിപ്പ് | 1,15,44,594 |

ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിൽ 2,32,29,831 രൂപയും വിവിധ ക്ഷേമ പെൻഷൻ ആനുകൂല്യമിനത്തിൽ 2,81,49,865 രൂപയും ബന്ധപ്പെട്ട വകുപ്പുകൾ ഗുണഭോക്താക്കൾക്ക് EFMS/DBT മുഖേന നേരിട്ട് നൽകിയിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 28,92,569 | 41,97,268+ 85,03,355(TC) | 0 | 1,55,93,192 | 1,55,93,192 | 0 |
| വികസനഫണ്ട് എസ്.സി.പി. | 16,85,188 | 60,81,423 | 12,60,433 | 77,66,611 | 65,06,178 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 39,901 | 65,422 | 39,901 | 1,05,323 | 65,422 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,05,017 | 56,01,562+ 48,079 | 0 | 59,54,658 | 59,54,658 | (-)48,079 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 10,28,050 | 23,75,228 | 0 | 34,03,278 | 33,55,199 | 48,079 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14,81,194 | 88,77,180 | 33,16,635 | 1,03,58,374 | 70,41,739 | 0 |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 44,50,797 | 32,95,272 | 38,86,386 | 77,46,069 | 38,59,683 | 0 |
| ബി ഫണ്ട് | 0 | 2,87,45,850 | 0 | 2,87,45,850 | 2,87,45,850 | 0 |
| MGNREGA | 2,405 | 4,52,655+ 2,32,29,831 | 2,405(refund) | 2,36,84,891 | 2,36,82,224 | 262 |

(* കുറിപ്പ്. 2015-16 സാമ്പത്തിക വർഷം മേൽ പരാമർശിച്ച ട്രഷറി അക്കൗണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ട് സമ്പ്രദായത്തിലേക്ക് മാറുകയും വാർഷിക കണക്കിൽ ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതുമാണ്. (GO(P) No.419/2015/Fin dt.19-09-2015). ഇതു പ്രകാരം ഈ സമ്പ്രദായത്തിലേക്ക് മാറിയതിനുശേഷമുള്ള പ്രസ്തുത അക്കൗണ്ടുകളിലെ ചെലവ് തുക തന്നെയാണ് വരവായും (നീക്കിയിരിപ്പില്ലാത്തതിനാൽ) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതു പ്രകാരമുള്ള ഫണ്ട് വിനിയോഗ സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിട്ടുള്ളത് .)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 234 | 179 | 2 | 55 | 76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോ ഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 34,04,790 | 10 | 22,23,084 | 65.29 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 169 | 4,88,31,351 | 129 | 3,27,41,278 | 67 |
| 4 | കൃഷി ഓഫീസർ. | 7 | 63,76,749 | 7 | 46,81,749 | 73.41 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 7 | 1,12,60,900 | 5 | 26,41,000 | 23.45 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 10 | 37,30,100 | 9 | 29,68,405 | 79.57 |
| 7 | വെറ്റനറി സർജ്ജൻ | 3 | 38,55,000 | 3 | 28,95,000 | 75 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 4 | 10,48,000 | 4 | 9,89,768 | 94.44 |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 2 | 6,55,770 | 2 | 6,37,770 | 97 |
| 10 | പ്രധാനാധ്യാപകൻ. | 5 | 19,57,299 | 4 | 14,91,378 | 76.19 |
| 11 | അസി.സെക്രട്ടറി | 8 | 64,55,970 | 5 | 37,93,970 | 58.76 |
| 12 | മെഡിക്കൽ ഓഫീസർ, - ഹോമിയോ | 1 | 2,00,000 | 1 | 2,00,000 | 100 |
| | ആകെ | 234 | 8,77,75,929 | 179 | 5,52,63,402 | 62.95 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 31,96,447 | 26,71,840 | 5,24,607 | (-)16 |
| നികുതിയേതര വരവുകൾ | 10,39,091 | 10,88,560 | 49,469 | (+)48 |
| മറ്റുവരവുകൾ | 1,10,195 | -- | 1,10,195 | (-)100 |

| | | | | |
|---|---|---|---|---|
| ആകെ | 43,45,733 | 37,60,400 | 5,85,333 | (-)13 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,28,400 | 124 |
| കർഷകതൊഴിലാളി പെൻഷൻ | 59,56,260 | 719 |
| വിധവാ പെൻഷൻ | 78,69,480 | 813 |
| വാർദ്ധക്യകാല പെൻഷൻ | 1,15,76,100 | 1454 |
| വികലാംഗ പെൻഷൻ | 25,52,945 | 283 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,95,080 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-01-2017 ന് (4 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,681രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമാം വിധം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റികളിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ചർച്ചകൾ, അഭിപ്രായങ്ങൾ, തീരുമാനങ്ങൾ എന്നിവ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റി കൂടുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പങ്കെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ കഴിവതും നിർവഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ടതാണ്.
പഞ്ചായത്തിലെ ജീവനക്കാർക്കിടയിൽ ജോലി വിഭജന രേഖ നിലവിലുണ്ടെങ്കിലും ആയത് സമഗ്രമല്ല. നിലവിലെ ഉത്തരവാദിത്തങ്ങൾ കൂടി കണക്കിലെടുത്ത് ജോലി വിഭജന രേഖ കാലികമായി പുതുക്കി നിലവിൽ വരുത്തേണ്ടതാണ്.

## 1-11 തൊഴിലുറപ്പ് പദ്ധതി അവലോകനം

2015-16 കാലയളവിൽ ഈ മേഖലയിൽ പ്രധാനമായും ചെറുകിട കർഷകരുടെ തോട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള വിവിധ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷം നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്ന 472 പ്രവൃത്തികളിൽ 382 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,405 |
| വരവ് | 2,36,82,486 |
| ആകെ | 2,36,84,891 |
| ചെലവ് | 2,36,84,629 |
| നീക്കിരിപ്പ് | 262 |

| | |
|---|---|
| രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4,524 |
| തൊഴിൽ കാർഡ് ഇഷ്യു ചെയ്തത്- കുടുംബങ്ങൾ- | 4,524 |
| തൊഴിൽ ആവശ്യപ്പെട്ടത് -കുടുംബങ്ങൾ | 2,622 |
| തൊഴിൽ നൽകിയത് - കുടുംബങ്ങൾ. | 2,622 |
| ആകെ മനുഷ്യ ദിനങ്ങൾ | 99,542 |
| നൂറുദിനം തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 152 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-12-2016 മുതൽ 15-12-2016 വരെ | 10/2016 & 11/2016 | 15-12-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18/04/2002 മുതൽ 04/05/2002 വരെ | 97-98 മുതൽ 99-2000 വരെ | 275/161-01-07-2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി രജിസ്റ്ററുകൾ - പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2015-2016 സാമ്പത്തിക വർഷം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ തൻവർഷം കുടിശ്ശികയായി 14,79,280.85/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിക്കാത്തതിനാൽ ഈ തുകകളുടെ വിശദ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ അക്രൂവൽ വരുമാനമായി രേഖപ്പെടുത്തുന്ന തുകയുടെ കൃത്യതകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളും കൃത്യതയോടെ എഴുതി തയ്യാറാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയർ സാംഖ്യ സോഫ്റ്റ്വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. വസ്തു നികുതിയിലെ കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 09.01.2012ലെ തീരുമാനം നമ്പർ 5(1)പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി,ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും,2013-2014 സാമ്പത്തികവർഷം മുതൽപുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 4 മൊബൈൽ ടവറുകളിൽ നിന്നും 2015-2016 വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| ക്രമ നം. | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം @ $m^2$ | വസ്തുനികുതി കുടിശ്ശിക 2015-16 | വസ്തുനികുതി തൻവർഷം 2015-2016 | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | Circle head WTTIL Kochi | 16/119 | 18m$^2$ | 5,261/- | 6,615/- | 11,876/- |
| 2 | റിലയൻസ് Communication Ltd. | 3/86A | 14m$^2$ | 15,816/- | 8,085/- | 23,901/- |
| 3 | M/Sറിലയൻസ് Communication Ltd. | 6/246C | 40m$^2$ | 33,600/- | 16,977/- | 50,577/- |
| 4 | വൊഡാഫോൺ-എസ്സാർ സെല്ലുലാർ Ltd | 8/328 | 12m$^2$ | 12,702/- | 5,670/- | 18,372/- |
| ആകെ | | | | 67,379/- | 37,347/- | 1,04726/- |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ടാറിംഗ് നിലവിലുള്ള (bituminous surface) പ്രതലത്തിൽ ടാക്ക് കോട്ട് (tack coat) ചെയ്യുന്നതിന് പുതുതായി മെറ്റലിംഗ് നടത്തിയ പ്രതലത്തിൽ (W.B.M surface) ടാക്ക് കോട്ട് ചെയ്യുന്നതിനുള്ള നിരക്ക് അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2015-16 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ റോഡിന്റെ ഒരു ഭാഗം പുതുതായി മെറ്റലിംഗ് ചെയ്ത് ടാറിംഗ് പ്രവൃത്തിയും പഴയ ടാറിംഗ് പ്രതലം നിലവിലുള്ള ഭാഗം റീടാറിംഗും ഉൾപ്പെടുന്നുണ്ട്. DSR പ്രകാരം ഇത്തരം പ്രവൃത്തികളിൽ ടാറിംഗിനായി 'tack coat using VG-10 graded bitumen' പ്രവൃത്തി ചെയ്യുമ്പോൾ പുതുതായി മെറ്റലിംഗ് നടത്തിയ പ്രതലത്തിൽ (water bound macadam surface) കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരമുള്ള നിരക്കും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) പ്രതലത്തിൽ കോഡ് 16.30.2 (On bituminous surface @ 0.50 Kg / sqm) പ്രകാരമുള്ള നിരക്കുമാണ് കണക്കാക്കേണ്ടത്. എന്നാൽ ഈ പ്രവൃത്തികളിൽ പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) പ്രതലത്തിൽ 'tack coat' ചെയ്യുന്നതിന് പുതുതായി മെറ്റലിംഗ് നടത്തിയ പ്രതലത്തിൽ 'tack coat' ചെയ്യുന്നതിനുള്ള (കോഡ് 16.30.1 on W.B.M. @ 0.75 Kg/ sqm) നിരക്കാണ് അനുവദിച്ചിരിക്കുന്നത്. ഇതുമൂലം പഞ്ചായത്തിന് 28,274/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലെ നിരക്ക് പ്രകാരം കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 'tack coat using VG-10 graded bitumen' എന്ന ഇനം പ്രവത്തി ചെയ്യുന്നതിനുള്ള നിരക്ക് കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരം ₹ 70.133/sqm (കോസ്റ്റ് ഇൻഡക്സ് 30.48%), 73.20/sqm (കോസ്റ്റ് ഇൻഡക്സ് 36.19%) എന്നതും കോഡ് 16.30.2 (on bituminous surface @ 0.50 Kg / sqm) പ്രകാരം ₹ 50.56/sqm (കോസ്റ്റ് ഇൻഡക്സ് 30.48%), 52.77/sqm (കോസ്റ്റ് ഇൻഡക്സ് 36.19%) എന്നതുമാണ്.

I. ചീർക്കയം - കളത്തുകാട് റോഡ് ടാറിംഗ്.

<table>
<tr><td>പ്രൊജക്റ്റ് നം.</td><td colspan="3">എസ്.ഒ.29/16 (ചീർക്കയം - കുളത്തുകാട് റോഡ് ടാറിംഗ്)</td></tr>
<tr><td>അടങ്കൽ</td><td colspan="3">₹ 4 ലക്ഷം (₹ 2 ലക്ഷം- സംരക്ഷണ ഗ്രാന്റ് [നോൺ റോഡ്]+₹ 2 ലക്ഷം- തനത് ഫണ്ട്)</td></tr>
<tr><td>എസ്റ്റിമേറ്റ്</td><td colspan="3">₹ 4ലക്ഷം</td></tr>
<tr><td>സാങ്കേതികാനുമതി</td><td colspan="3">₹ 4ലക്ഷം No. AEE/LSGD/PBP/398/15-16 Dated 07.07.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്.</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="3">28/16</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="3">₹ 3,95,610/-</td></tr>
<tr><td>കരാറുകാരൻ</td><td colspan="3">സുബിൻ ആന്റണി.</td></tr>
<tr><td>ക്വോട്ട് ചെയ്ത നിരക്ക്</td><td colspan="3">എസ്റ്റിമേറ്റ് നിരക്ക്.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="3">43/15-16 തീയതി 01.01.2015</td></tr>
<tr><td rowspan="3">കരാറുകാരന് നൽകിയ തുകയുടെ വിവരം.</td><td>ബിൽ നം/തീയതി.</td><td>ബിൽ തുക</td><td>കരാറുകാരന് നൽകിയ തുക</td></tr>
<tr><td>ട്രഷറി ബിൽ നം 71/15-16 തീ. 21.03.2016</td><td>₹ 2,00,000/-</td><td>₹ 1,46,263/-</td></tr>
<tr><td>ട്രഷറി ചെക്ക് നം1005021തീ.04.03.2016</td><td>₹ 1,95,610/-</td><td>₹ 1,95,610/-</td></tr>
<tr><td></td><td>ആകെ</td><td>₹ 3,95,610/-</td><td>₹ 3,71,873/-</td></tr>
</table>

ചീർക്കയം - കുളത്തുകാട് റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 30.48%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 13 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 5 മുതൽ 10 വരെ ഇനം പ്രവൃത്തികൾ 32m നീളത്തിലും 3m വീതിയിലും പുതിയ റോഡിനായി രണ്ട് അടുക്ക് മെറ്റലിംഗ് പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ടതാണ്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിലെ 10, 11 എന്നീ ഇനം പ്രവൃത്തകൾ താഴെ പറയും പ്രകാരമാണ്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 10 | Laying, spreading and compacting stone aggregate of specified sizes to WBM specification in uniform thickness, etc (Code 16.4)<br>1st Metaling (32mx3.1mx0.075m=7.44m$^3$) &<br>2nd Metalling (32mx3mx0.075m=7.2m$^3$) | 14.64m$^3$ | 554.61/m$^3$ | ₹8,118/- |
| 11 | Providing and applying tack coat using hot straight run bitumen of grade VG-10, including heating the bitumen etc (Code 16.30.1)<br>[(32mx3m=96m$^2$) + (200mx3m=600m$^2$)] | 696m$^2$ | 70.133/m$^2$ | ₹48,097/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 12, 14) പ്രകാരം 10ാമത്തെ ഇനമായി 32m നീളത്തിലും 3m വീതിയിലും 14.64m$^3$ അളവിൽ രണ്ട് അടുക്ക് മെറ്റലിംഗ് പ്രവൃത്തി ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അളവ്

പുസ്തകം (പേജ് 15) പ്രകാരം 11ാമത്തെ ഇനം പ്രവൃത്തിയായി (Providing and applying tack coat using hot straight run bitumen of grade VG-10) 685.80/$m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് . ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് 70.133/$m^2$ എന്ന നിരക്കിൽ 48,097/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 45, എം.ബുക്ക് ) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അതായത്, പ്രവൃത്തിയുടെ 11ാമത് ഇനമായി ചെയ്ത 'tack coat' പ്രവൃത്തിയിൽ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 96$m^2$ അളവും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 589.80$m^2$ അളവും ഉൾപ്പെടുന്നു. എന്നാൽ കരാറുകാരന് ഈ ഇനം പ്രവൃത്തി ചെയ്തതിനായി തുക അനുവദിച്ചപ്പോൾ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 96$m^2$ അളവിന് കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരമുള്ള നിരക്കായ 70.133/sqm രൂപയും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 589.80$m^2$ അളവിന് കോഡ് 16.30.2 (On bituminous surface @ 0.50 Kg/sqm) പ്രകാരമുള്ള നിരക്കായ 50.56/sqm രൂപയുമാണ് നൽകേണ്ടിയിരുന്നത്. കരാറുകാരന് അനുവദിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് നമ്പർ | ഇനം | അളവ് | നിരക്ക് | നൽകേണ്ട തുക |
|---|---|---|---|---|
| 16.30.1 | Providing and applying tack coat using hot bitumen of VG-10 (On W.B.M. @ 0.75Kkg/ sqm) | 96$m^2$ | 70.133/$m^2$ | ₹6,733/- |
| 16.30.2 | Providing and applying tack coat using hot bitumen of VG-10 (On bituminous surface @ 0.50 Kg / sqm) | 589.80$m^2$ | 50.56/$m^2$ | ₹29,820/- |
| | | | ആകെ | ₹ 36,553/- |

കരാറുകാരന് അധികം നൽകിയ 11,544/-രൂപ (₹48,097 - ₹ 36,553) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

II. പ്ലാച്ചിക്കര- നരമ്പച്ചെരി റോഡ് ടാറിംഗ്.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | എസ്.ഒ.25/16 (പ്ലാച്ചിക്കര- നരമ്പച്ചെരി റോഡ് ടാറിംഗ്) | | |
| അടങ്കൽ | ₹ 3 ലക്ഷം (₹ 2,50,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് + ₹ 50,000/- തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 3ലക്ഷം | | |
| സാങ്കേതികാനുമതി | ₹ 3ലക്ഷം No. AEE/LSGD/PBP/399/15-16 Dated 07.07.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 001/16 & 003/16 | | |
| ആകെ അളവ് മൂല്യം | ₹ 2,98,850/- | | |
| കരാറുകാരൻ | സുബിൻ ആന്റണി. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്. | | |
| എഗ്രിമെന്റ് നമ്പർ | 40/15-16 തീയതി 01.01.2015 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം. | ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | ട്രഷറി ബിൽ നം 26/15-16 തീ. 20.02.2016 | ₹ 2,50,000/- | ₹ 2,80,918/- |

| | | | |
|---|---|---|---|
| | ട്രഷറി ചെക്ക് നം1005010 തീ.09.02.2016 | ₹ 48,850/- | |
| | ആകെ | ₹ 2,98,850/- | ₹ 2,80,918/- |

പ്ലാച്ചിക്കര- നരമ്പച്ചേരി റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 30.48%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 13 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 5 മുതൽ 10 വരെ ഇനം പ്രവൃത്തികൾ 12m നീളത്തിലും 3m വീതിയിലും പുതിയ റോഡിനായി രണ്ട് അട്ടക്ക് മെറ്റലിംഗ് പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ടതാണ്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിലെ 10, 11 എന്നീ ഇനം പ്രവൃത്തകൾ താഴെ പറയും പ്രകാരമാണ്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 10 | Laying, spreading and compacting stone aggregate of specified sizes to WBM specification in uniform thickness, etc (Code 16.4)<br>1st Metaling (12mx3.1mx0.075m=2.79m³) &<br>2nd Metalling (12mx3mx0.075m=7.2m³) | 5.49m³ | 554.61/m³ | ₹3,045/- |
| 11 | Providing and applying tack coat using hot straight run bitumen of grade VG-10, including heating the bitumen etc (Code 16.30.1)<br>[(12mx3m=36m²) + 170mx3m=510m²)] | 546m² | 70.133/m² | ₹38,293/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (നം 3/16,പേജ് 17, 19) പ്രകാരം 10ാമത്തെ ഇനമായി 12m നീളത്തിലും 3m വീതിയിലും 5.49m³ അളവിൽ മെറ്റലിംഗ് പ്രവൃത്തി ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം (നം 3/16, പേജ് 23) പ്രകാരം 11ാമത്തെ ഇനം പ്രവൃത്തിയായി (Providing and applying tack coat using hot straight run bitumen of grade VG-10) 595.11/m² അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയത് 546m² ആയി പരിമിതപ്പെടുത്തി 70.133/m² എന്ന നിരക്കിൽ 38,293/- രൂപ അളവ് മൂല്യം കണക്കാക്കി (എം.ബുക്ക് നം 1/16,പേജ് 16) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അതായത്, പ്രവൃത്തിയുടെ 11ാമത് ഇനമായി ചെയ്ത 'tack coat' പ്രവൃത്തിയിൽ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 36m² അളവും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 510m² അളവും ഉൾപ്പെടുന്നു. എന്നാൽ കരാറുകാരന് ഈ ഇനം പ്രവൃത്തി ചെയ്തതിനായി തുക അനുവദിച്ചപ്പോൾ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 36m² അളവിന് കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരമുള്ള നിരക്കായ 70.133/sqm രൂപയും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 510m² അളവിന് കോഡ് 16.30.2 (On bituminous surface @ 0.50 Kg/sqm) പ്രകാരമുള്ള നിരക്കായ 50.56/sqm രൂപയുമാണ് നൽകേണ്ടിയിരുന്നത്. കരാറുകാരന് അനുവദിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് നമ്പർ | ഇനം | അളവ് | നിരക്ക് | നൽകേണ്ട തുക |
|---|---|---|---|---|
| 16.30.1 | Providing and applying tack coat using hot bitumen of VG-10 (On W.B.M. @ 0.75Kkg/ sqm) | 36m² | 70.133/m² | ₹2,525/- |
| 16.30.2 | Providing and applying tack coat using hot bitumen of VG-10 (On bituminous surface @ 0.50 Kg / sqm) | 510m² | 50.56/m² | ₹ 25,786/- |
| | | | ആകെ | ₹ 28,311/- |

കരാറുകാരന് അധികം നൽകിയ 9,982/-രൂപ (₹ 38,293 - ₹ 28,311) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

III. മൗക്കോട്-ആക്കച്ചേരി കോളനി റോഡ് ടാറിംഗ്.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | എസ്.ഒ.246/16 (മൗക്കോട്-ആക്കച്ചേരി കോളനി റോഡ് ടാറിംഗ്) | | |
| അടങ്കൽ | ₹ 3,33,970/- (വികസന ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 3,33,970/- | | |
| സാങ്കേതികാനുമതി | ₹ 3,33,970/- No. AEE/LSGD/PBP/577/15-16 Dated 13.01.2016, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 123/16 | | |
| ആകെ അളവ് മൂല്യം | ₹ 3,30,891/- (ടെണ്ടർ കിഴിവ് നടത്തി ₹ 2,68,452/-) | | |
| കരാറുകാരൻ | T.M.ഉലഹന്നാൻ. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 18.87% കുറവ്. | | |
| എഗ്രിമെന്റ് നമ്പർ | 90(a)/15-16 തീയതി 15.02.2016 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം. | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 97/15-16 തീ. 31.03.2016 | ₹1,94,482/- | ₹ 2,52,344/- |
| | 98/15-16 തീ. 31.03.2016 | ₹ 73,970/- | |
| | ആകെ | ₹ 2,68,452/- | ₹ 2,52,344/- |

മൗക്കോട്-ആക്കച്ചേരി കോളനി റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 36.19%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 13 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 3 മുതൽ 8 വരെ ഇനം പ്രവൃത്തികൾ 50m നീളത്തിലും 3m വീതിയിലും പുതിയ റോഡിനായി രണ്ട് അട്ടക്ക് മെറ്റലിംഗ് പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ടതാണ്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിലെ 8, 9 എന്നീ ഇനം പ്രവൃത്തകൾ താഴെ പറയും പ്രകാരമാണ്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 8 | Laying, spreading and compacting stone aggregate of specified sizes to WBM specification in uniform thickness, etc (Code 16.4)<br>1$^{st}$ Metaling (50mx3.1mx0.075m=11.625m$^3$) &<br>2nd Metalling (50mx3mx0.075m=11.25m$^3$) | 22.875m$^3$ | 578.88/m$^3$ | ₹13,242/- |
| 9 | Providing and applying tack coat using hot straight run bitumen of grade VG-10, including heating the bitumen etc (Code 16.30.1)<br>[(50mx3m=150m$^2$) + (105mx3m=315m$^2$)] | 465m$^2$ | 73.20/m$^2$ | ₹34,039/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 10, 12) പ്രകാരം 8ാമത്തെ ഇനമായി 50m നീളത്തിലും 3m വീതിയിലും 22.48m$^3$ അളവിൽ രണ്ട് അട്ടക്ക് മെറ്റലിംഗ് പ്രവൃത്തി ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം (പേജ് 19) പ്രകാരം 9ാമത്തെ ഇനം പ്രവൃത്തിയായി (Providing and applying tack coat using hot straight run bitumen of grade VG-10) 488.03/m$^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട് . ആയത് 465m$^2$ ആയി പരിമിതപ്പെടുത്തി 73.20/m$^2$ എന്ന നിരക്കിൽ 34,039/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 35 എം.ബുക്ക് ) ടെണ്ടർ കഴിവ് നടത്തി ₹ 27,616/-

കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അതായത്, പ്രവൃത്തിയുടെ 9ാമത് ഇനമായി ചെയ്ത 'tack coat' പ്രവൃത്തിയിൽ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 150m$^2$ അളവും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 315m$^2$ അളവും ഉൾപ്പെടുന്നു. എന്നാൽ കരാറുകാരന് ഈ ഇനം പ്രവൃത്തി ചെയ്തതിനായി തുക അനുവദിച്ചപ്പോൾ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 150m$^2$ അളവിന് കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരമുള്ള നിരക്കായ 73.20/sqm രൂപയും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 315m$^2$ അളവിന് കോഡ് 16.30.2 (On bituminous surface @ 0.50 Kg/sqm) പ്രകാരമുള്ള നിരക്കായ 52.77/sqm രൂപയുമാണ് നൽകേണ്ടിയിരുന്നത്. കരാറുകാരന് അനുവദിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് നമ്പർ | ഇനം | അളവ് | നിരക്ക് | നൽകേണ്ട തുക |
|---|---|---|---|---|
| 16.30.1 | Providing and applying tack coat using hot bitumen of VG-10 (On W.B.M. @ 0.75Kkg/ sqm) | 150m$^2$ | 73.20/m$^2$ | ₹10,980/- |
| 16.30.2 | Providing and applying tack coat using hot bitumen of VG-10 (On bituminous surface @ 0.50 Kg / sqm) | 315m$^2$ | 52.77/m$^2$ | ₹16,623/- |
| | | | ആകെ | ₹ 27,603/- |
| | | 18.87%ടെണ്ടർ കിഴിവ് നടത്തിയാൽ | | ₹ 22,394/- |

കരാറുകാരന് അധികം നൽകിയ 5,222/-രൂപ (₹27,616 - ₹ 22,394) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

IV. അട്ടക്കളമ്പാടി- പുലിമട റോഡ് റീ ടാറിംഗ്.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ.215/16 (അട്ടക്കളമ്പാടി- പുലിമട റോഡ് റീ ടാറിംഗ്) | | |
| അടങ്കൽ | ₹ 2 ലക്ഷം (₹1,95,000/-സംരക്ഷണ ഗ്രാന്റ് [നോൺ റോഡ്]+ ₹5,000/-തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 2ലക്ഷം | | |
| എം. ബുക്ക് നം. | 66/15-16 | | |
| ആകെ അളവ് മൂല്യം | ₹ 1,99,978/- | | |
| കരാറുകാരൻ | ലാൻസി. എൻ. കുര്യൻ. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്. | | |
| എഗ്രിമെന്റ് നമ്പർ | 74/15-16 തീയതി 05.01.2016 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം. | ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | ട്രഷറി ബിൽ നം 64/15-16 തീ. 21.03.2016 | ₹1,95,000/- | ₹ 1,87,979/- |

| | | | |
|---|---|---|---|
| | ട്രഷറി ചെക്ക് നം1005024 തീ.15.03.2016 | ₹ 5,000/- | |
| | ആകെ | ₹ 2,00,000/- | ₹ 1,87,979/- |

അട്ടക്കളമ്പാടി- പുലിമട റോഡ് റീ ടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 30.48%) പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 9 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റിലെ 3 മുതൽ 6 വരെ ഇനം പ്രവൃത്തികൾ 80m നീളത്തിലും 3m വീതിയിലും മെറ്റലിംഗ് പ്രവൃത്തി നടത്തുന്നതുമായി ബന്ധപ്പെട്ടതാണ്. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയിലെ 6, 7 എന്നീ ഇനം പ്രവൃത്തകൾ താഴെ പറയും പ്രകാരമാണ്.

| ഇനം | പ്രവൃത്തിയുടെ വിവരം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 6 | Laying, spreading and compacting stone aggregate of specified sizes to WBM specification in uniform thickness, etc (Code 16.4)<br>2nd Metalling (80mx3mx0.075m=18m$^3$) | 18m$^3$ | 554.61/m$^3$ | ₹9,983/- |
| 7 | Providing and applying tack coat using hot straight run bitumen of grade VG-10, including heating the bitumen etc (Code 16.30.1)<br>[(80mx3m=240m$^2$) + (26mx3m=78m$^2$)] | 318m$^2$ | 70.133/m$^2$ | ₹22,302/- |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 8) പ്രകാരം 6ാമത്തെ ഇനമായി 80m നീളത്തിലും 3m വീതിയിലും 18m$^3$ അളവിൽ മെറ്റലിംഗ് പ്രവൃത്തി ചെയ്തതായി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം (പേജ് 11) പ്രകാരം 7ാമത്തെ ഇനം പ്രവൃത്തിയായി (Providing and applying tack coat using hot straight run bitumen of grade VG-10) 318.72/m$^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ആയത് 318m$^2$ ആയി പരിമിതപ്പെടുത്തി 70.133/m$^2$ എന്ന നിരക്കിൽ 22,302/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 23, എം.ബുക്ക് ) കരാറുകാരന് അനുവദിച്ചിട്ടുണ്ട്. അതായത്, പ്രവൃത്തിയുടെ 7ാമത് ഇനമായി ചെയ്ത 'tack coat' പ്രവൃത്തിയിൽ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 240m$^2$ അളവും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 78m$^2$ അളവും ഉൾപ്പെടുന്നു. എന്നാൽ കരാറുകാരന് ഈ ഇനം പ്രവൃത്തി ചെയ്തതിനായി തുക അനുവദിച്ചപ്പോൾ പുതുതായി മെറ്റലിംഗ് നടത്തിയ (WBM surface) 240m$^2$ അളവിന് കോഡ് 16.30.1 (On W.B.M. @ 0.75 Kg/ sqm) പ്രകാരമുള്ള നിരക്കായ 70.133/sqm രൂപയും പഴയ ടാറിംഗ് നിലവിലുള്ള (bituminous surface) 78m$^2$ അളവിന് കോഡ് 16.30.2 (On bituminous surface @ 0.50 Kg/sqm) പ്രകാരമുള്ള നിരക്കായ 50.56/sqm രൂപയുമാണ് നൽകേണ്ടിയിരുന്നത്. കരാറുകാരന് അനുവദിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് നമ്പർ | ഇനം | അളവ് | നിരക്ക് | നൽകേണ്ട തുക |
|---|---|---|---|---|
| 16.30.1 | Providing and applying tack coat using hot bitumen of VG-10 (On W.B.M. @ 0.75Kkg/ sqm) | 240m$^2$ | 70.133/m$^2$ | ₹16,832/- |
| 16.30.2 | Providing and applying tack coat using hot bitumen of VG-10 (On bituminous surface @ 0.50 Kg / sqm) | 78m$^2$ | 50.56/m$^2$ | ₹3,944/- |
| | | | ആകെ | ₹ 20,776/- |

കരാറുകാരന് അധികം നൽകിയ 1,526/-രൂപ (₹ 22,302 - ₹ 20,776) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 28,274/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.11 തീ: 10.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-2 മാങ്ങോട്-പാത്തിക്കടവ് റോഡ് റീടാറിംഗ് പ്രവൃത്തി - ടെണ്ടർ കിഴിവ് നടത്താതെ കരാറുകാരന് തുക അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | |
|---|---|---|
| പ്രൊജക്ട് നം. | S O 240/16 (മാങ്ങോട്-പാത്തിക്കടവ് റോഡ് റീടാറിംഗ്) | |
| അടങ്കൽ | 2,00,000/- ( തനത് ഫണ്ട്) | |
| എസ്റ്റിമേറ്റ് | 2,00,000/- | |
| സാങ്കേതികാനുമതി | 2,00,000/- No. AEE/LSGD/PBP/588/15-16 Dated 13.01.2016, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | |
| എം. ബുക്ക് നം. | 74/15-16 | |
| ആകെ അളവ് മൂല്യം | ₹1,99,007/- | |
| കരാറുകരാൻ | എം. ജെ. കുര്യൻ | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 10.10% കുറവ്. | |
| എഗ്രിമെന്റ് നമ്പർ | 88/15-16 തീയതി 15.02.2016 | |
| കരാറുകാരന് നൽകിയ തുക | ₹ 1,87,067/-<br>ഡി.നം977580/28.03.2016 | (ട്രഷറി ചെക്ക് നം 1005030/28.03.2016 Gross amount ₹ 1,99,007/-) |

മാങ്ങോട്-പാത്തിക്കടവ് റോഡ് റീടാറിംഗ് പ്രവൃത്തിക്കായി താഴെ പറയുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | എം. ജെ. കുര്യൻ | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 10.10% കുറവ്. |
| 2 | ജോജി അഗസ്റ്റ്യൻ | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 6.10% കുറവ്. |

ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് താഴെ പറയും പ്രകാരം ₹ 1,87,067/- നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് 23 പ്രകാരം) | ₹ 1,99,007/- |
| (-) വാറ്റ് 4% | ₹ 7,960/- |
| (-) ആദായ നികുതി 1% | ₹ 1,990/- |
| (-) KCWWF 1% | ₹ 1,990/- |

| | |
|---|---|
| കരാറുകാരന് നൽകിയ തുക | ₹ 1,87,067/- |

പ്രവൃത്തി ചെയ്തതിന് കരാറുകാരന് തുക അനുവദിച്ചപ്പോൾ 10.10% ടെണ്ടർ കിഴിവ് നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് കണക്കാക്കേണ്ടത്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹1,99,007/- |
| (-) 10.10% ടെണ്ടർ കിഴിവ് | ₹ 20,100/- |
| ആകെ | ₹1,78,907/- |
| (-) ആകെ കുറയ്ക്കേണ്ട നികുതികൾ(വാറ്റ് 4%, ആദായ നികുതി 1%, KCWWF 1%) | ₹10,734/- |
| കരാറുകാരന് അനുവദിക്കേണ്ട തുക | ₹1,68,173/- |
| കരാറുകാരന് നൽകിയ തുക | ₹ 1,87,067/- |
| അധികം നൽകിയ തുക | ₹ 18,894/- |

കരാറുകാരന് അധികം നൽകിയ 18,894/- രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഈ പ്രവൃത്തിയുടെ ടെണ്ടർ തുറന്ന് പരിശോധന നടത്തിയത് 03.02.2016നാണ്. പ്രവൃത്തിക്കായി 15.02.2016ന് കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുമുണ്ട്. പഞ്ചായത്തിന്റെ മിനിട്സ് പുസ്തകം പരിശോധിച്ചതിൽ 03.02.2016നും 15.02.2016നും ഇടയിൽ 11.02.2016നുമാത്രമാണ് പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത്, എന്നാൽ 11.02.2016 ന് തീരുമാനം നം24/2016 പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറികളുടെ ലിസ്റ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ഇല്ലതെ പ്രവൃത്തി നടപ്പാക്കിയതിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 18,894/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.8 തീ: 10.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-3 കുരാങ്കുണ്ട്-മാവുള്ളാൽ റോഡ് റീടാറിംഗ് പ്രവൃത്തി - 30.48% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടതിനുപകരം 36.19% കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്റ്റ് നം. | S O 53/16 (കുരാങ്കുണ്ട്-മാവുള്ളാൽ റോഡ് റീടാറിംഗ്) |
| അടങ്കൽ | ₹ 3 ലക്ഷം (സംരക്ഷണ ഗ്രാന്റ് -നോൺ റോഡ് ) |
| എസ്റ്റിമേറ്റ് | ₹ 3 ലക്ഷം |

| | | | |
|---|---|---|---|
| സാങ്കേതികാനുമതി | ₹ 3 ലക്ഷം No. AEE/LSGD/PBP/409/15-16 Dated 07.07.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 50/15-16 | | |
| ആകെ അളവ് മൂല്യം | ₹3,00,000 /- | | |
| കരാറുകരാൻ | സുബിൻ ആന്റണി. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം. | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 66/15-16 തീ. 21.03.2016 | ₹ 3,00,000/- | ₹ 2,82,000/- |

കുരാങ്കുണ്ട്-മാവുള്ളാൽ റോഡ് റീടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 36.19%) പ്രകാരം ആകെ 3,00,000/-രൂപ അടങ്കലുള്ള എസ്റ്റിമേറ്റാണ് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയത്. ഈ എസ്റ്റിമേറ്റിന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് LSGD സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 07.07.2015നാണ് സാങ്കേതികാനുമതി നല്കിയത് (No. AEE/LSGD/PBP/409/15-16 Dated 07.07.2015). പി.ഡബ്ല്യൂ.ഡി റോഡ്സ് & ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം CE/Admn/PLA/1014/2005 പ്രകാരം 01.08.2015 മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് 36.19% കോസ്റ്റ് ഇൻഡക്സ് അനുവദിക്കേണ്ടത്. ഈ പ്രവൃത്തിക്ക് 07.07.2015 നാണ് സാങ്കേതികാനുമതി ലഭിച്ചത്, ഈ തീയതിയിൽ നിലവിലുണ്ടായിയിരുന്ന കോസ്റ്റ് ഇൻഡക്സ് 30.48% ആണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ അനുവദിക്കേണ്ടിയിരുന്ന കോസ്റ്റ് ഇൻഡക്സ് 30.48% ആണ്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 18) പ്രകാരം ആകെ അളവ് മൂല്യം 3,00,000/- രൂപയാണ്. പ്രവൃത്തി ചെയ്തതിന് കരാറുകാരന് നികുതി ഇനത്തിൽ 18,000/- രൂപ കുറവ് ചെയ്ത് ₹ 2,82,000/- നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തിയ്ക്ക് അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് 30.48% ആയതിനാൽ കരാറുകാരന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് കണക്കാക്കേണ്ടത്.

| ഇനം | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് പ്രകാരം രേഖപ്പെടുത്തിയ അളവ്.(പേജ് നം12 മുതൽ 17 വരെ) | കരാറുകാരന് അനുവദിക്കാനായി തുക കണക്കാക്കിയതിന്റെ വിവരം | | കരാറുകാരന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുകയുടെ വിവരം | |
|---|---|---|---|---|---|---|
| | | | കോസ്റ്റ് ഇൻഡക്സ് 36.19% പ്രകാരം അനുവദിച്ച നിരക്ക്. | അളവ് മൂല്യം | കോസ്റ്റ് ഇൻഡക്സ് 30.48% പ്രകാരം അനുവദി ക്കേണ്ട നിരക്ക്. | അളവ് മൂല്യം |
| 1 | Supplying and stacking at site 53mm to 22.4mm | 39.68 $m^3$ | 1844.01/$m^3$ | 73,170/- | 1766.70/ $m^3$ | 70,103/- |

| | | | | | | |
|---|---|---|---|---|---|---|
| | stone | | | | | |
| 2 | Supplying and stacking at site 11.2mm stone -Type B | 7.72 $m^3$ | 2003.35/ $m^3$ | 15,466/- | 1919.36/ $m^3$ | 14,817/- |
| 3 | Supplying and stacking good earth for blinding | 3.86 $m^3$ | 437.03/ $m^3$ | 1,687/- | 418.71/ $m^3$ | 1,616/- |
| 4 | Laying, spreading and compacting | 32.18 $m^3$ | 578.88/ $m^3$ | 18,628/- | 554.61/ $m^3$ | 17,847/- |
| 5 | Providing and applying tack coat using hot bitumen of VG_10 | 429$m^2$ | 73.19/ $m^2$ | 31,399/- | 70.13/ $m^2$ | 30,086/- |
| 6 | 2 cm premix carpet with VG_10 bitumen | 429$m^2$ | 235.95/ $m^2$ | 1,01,223/- | 226.05/ $m^2$ | 96,975/- |
| 7 | Providing and laying seal coat with VG_10 bitumen | 429$m^2$ | 136.69/ $m^2$ | 58,640/- | 130.94/ $m^2$ | 56,173/- |
| | | | അകെ | 3,00,213/-<br>(ആയത് 3 ലക്ഷത്തിന് പരിമിതപ്പെടുത്തി). | | 2,87,617/- |

പ്രവൃത്തിയുടെ അനുവദനീയമായ അളവ് മൂല്യം 2,87,617/-രൂപയാണ്. ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് കണക്കാക്കേണ്ടത്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹ 2,87,617/- |
| (-) ആകെ കുറയ്ക്കേണ്ട നികുതികൾ(വാറ്റ് 4%, ആദായ നികുതി 1%, KCWWF 1%) | ₹17,257/- |
| കരാറുകാരന് അനുവദിക്കേണ്ട തുക | ₹2,70,360/- |
| കരാറുകാരന് നൽകിയ തുക | ₹ 2,82,000/- |

| | |
|---|---|
| അധികം നൽകിയ തുക | ₹ 11,640/- |

കരാറുകാരന് അധികം നൽകിയ 11,640/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(07.07.2016 ന് പരപ്പ ബ്ലോക്ക് പഞ്ചായത്ത് LSGD സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കിയ മറ്റെല്ലാ പ്രൊജക്ടുകൾക്കും കോസ്റ്റ് ഇൻഡക്സ് ആയി 30.48% ആണ് കണക്കാക്കിയിരിക്കുന്നത് . ഉദാഹരണം- പ്രൊജക്ട് നം-82/16 മൗവ്വേനി അയംകുളം റോഡ് റീടാറിംഗ്, പ്രൊജക്ട് നം-84/16 ചിഴിക്കയം ബെഡൂർ റോഡ് റീടാറിംഗ്, പ്രൊജക്ട് നം-39/16 കുളിപാറ കോളനി റോഡ് റീടാറിംഗ്, 198/16 അമ്പാടി ബസാർ- എളേരി കോളേജ് റോഡ് ടാറിംഗ്)

(പ്രവൃത്തിക്കായി ₹ 11,640/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.7 തീ: 10.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-4 അമ്പാടി ബസാർ- എളേരി കോളേജ് റോഡ് ടാറിംഗ് പ്രവൃത്തി - സാങ്കേതികാനുമതി തുകയ്ക്ക് പരിമിതപ്പെടുതാതാതെ കരാറുകാരന് തുക അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | SO. 6/16 (അമ്പാടി ബസാർ- എളേരി കോളേജ് റോഡ് ടാറിംഗ്) | | |
| അടങ്കൽ | ₹ 3,50,000/- (₹ 3,45,000/- വികസന ഫണ്ട് + ₹ 5,000/-തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 3,50,000/- | | |
| സാങ്കേതികാനുമതി | 3,00,000/- No.AEE/LSGD/PBP/380/15-16 Dated-07.07.2015, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 65/15-16 | | |
| ആകെ അളവ് മൂല്യം | ₹3,47,840/- | | |
| കരാറുകരാൻ | ലാൻസി. എൻ. കുര്യൻ | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്. | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം. | ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | ട്രഷറി ബിൽ നം 50/15-16 തീ. 31.03.2016 | ₹ 3,45,000/- | ₹ 3,24,128/- |
| | ട്രഷറി ചെക്ക് നം1005021തീ.04.03.2016 | ₹ 2,840/- | ₹ 2,840/- |
| | ആകെ | ₹3,47,840 /- | ₹3,26,968/- |

അമ്പാടി ബസാർ- എളേരി കോളേജ് റോഡ് ടാറിംഗ് പ്രവൃത്തിക്കായി 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (കോസ്റ്റ് ഇൻഡക്സ് 30.48%) പ്രകാരം ആകെ 3,50,627/-രൂപ അടങ്കലുള്ള എസ്റ്റിമേറ്റാണ് വെസ്റ്റ് എളേരി ഗ്രാമ

പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയത്. എന്നാൽ ഈ എസ്റ്റിമേറ്റ് പരിശോധിച്ച പരപ്പ ബ്ലോക്ക് പഞ്ചായത്ത് LSGD സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആകെ അടങ്കൽ തുക 3 ലക്ഷം രൂപയ്ക്ക് പരിമിതപ്പെടുത്തിയാണ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കിയത്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകത്തിലെ (പേജ് 33) രേഖപ്പെടുത്തലുകൾ പ്രകാരം ആകെ അളവ് മൂല്യം 3,47,840/- രൂപയാണ്. പ്രവൃത്തി ചെയ്തതിന് കരാറുകാരന് താഴെ പറയും പ്രകാരം ₹ 3,26,968/- നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (അളവ് പുസ്തകം പേജ് 33 പ്രകാരം) | ₹ 3,47,840/- |
| (-) വാറ്റ് 4% | ₹13,914/- |
| (-) ആദായ നികുതി 1% | ₹ 3,479/- |
| (-) KCWWF 1% | ₹ 3,479/- |
| കരാറുകാരന് നൽകിയ തുക | ₹ 3,26,968/- |

അന്തിമ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ ഈ പ്രവൃത്തിയുടെ ആകെ അളവ് മൂല്യം സാങ്കേതികാനുമതി തുകയായ 3 ലക്ഷം രൂപയ്ക്ക് പരിമിതപ്പെടുത്തിയാണ് കരാറുകാരന് തുക നൽകേണ്ടിയിരുന്നത്. ഈ പ്രവൃത്തി ചെയ്തതിന് കരാറുകാരന് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുക ചുവടെ പറയും പ്രകാരമാണ് കണക്കാക്കേണ്ടത്.

| | |
|---|---|
| ആകെ അളവ് മൂല്യം (സാങ്കേതികാനുമതി തുകയ്ക്ക് പരിമിതപ്പെടുത്തി) | ₹ 3,00,000/- |
| (-) ആകെ കുറയ്ക്കേണ്ട നികുതികൾ(വാറ്റ് 4%, ആദായ നികുതി 1%, KCWWF 1%) | ₹18,000/- |
| കരാറുകാരന് അനുവദിക്കേണ്ട തുക | ₹ 2,82,000/- |
| കരാറുകാരന് നൽകിയ തുക | ₹ 3,26,968/- |
| അധികം നൽകിയ തുക | ₹ 44,968/- |

കരാറുകാരന് അധികം നൽകിയ 44,968/- രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 44,968/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.10തീ: 10.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-5 മൗക്കോട് പി.എച്ച്.സി കെട്ടിടം അറ്റകുറ്റപണി-ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | S.O. 198/16 (മൗക്കോട് പി.എച്ച്.സി കെട്ടിടം അറ്റകുറ്റപണി) |
| അടങ്കൽ | ₹ 3 ലക്ഷം (₹ 2,99,000/-സംരക്ഷണ ഗ്രാന്റ് -നോൺ റോഡ് +₹ 1,000/- തനത് ഫണ്ട്) |

| | | | |
|---|---|---|---|
| എസ്റ്റിമേറ്റ് | ₹ 3 ലക്ഷം | | |
| സാങ്കേതികാനുമതി | ₹ 3 ലക്ഷം No. AEE/LSGD/PBP/575/14-15 Dated 20.12.2014, അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, LSGD സബ് ഡിവിഷൻ, പരപ്പ ബ്ലോക്ക്. | | |
| എം. ബുക്ക് നം. | 110/14-15 & 111/14-15 | | |
| ആകെ അളവ് മൂല്യം | ₹ 2,79,971 /- | | |
| കരാറുകരാൻ | സുബിൻ ആന്റണി. | | |
| ക്വോട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക്. | | |
| എഗ്രിമെന്റ് നമ്പർ | 79/14-15 തീയതി 09.01.2015 | | |
| കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നം/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 9/15-16 തീ. 23.09.2015 | ₹ 2,79,971 /- | ₹ 2,63,172/- |

മൗക്കോട് പി.എച്ച്.സി കെട്ടിടം അറ്റകുറ്റപണിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 17 ഇനം പ്രവൃത്തികളാണുള്ളത്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തിക്കായി താഴെ പറയുന്ന മൂന്ന് കരാറുകാർ ടെണ്ടർ സമർപ്പിച്ചതായി കാണാൻ കഴിഞ്ഞു.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | സുബിൻ ആന്റണി. | എസ്റ്റിമേറ്റ് നിരക്ക്. |
| 2 | അരുൺ ജോസ്. | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 1% കുറവ്. |
| 3 | ജോബി. എൻ.ജെ. | എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.4% കുറവ്. |

എന്നാൽ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ മേൽപറഞ്ഞ കരാറുകാർ സമർപ്പിച്ച ടെണ്ടറുകളുടെ വിവരം രേഖപെടുത്തിയരിക്കുന്നത് ചുവടെ ചേർത്ത പ്രകാരണാണ്.

| ക്രമ നം | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ആകെ തുക | കോൺട്രാക്ടർ/Tender percentage | Successful tender. |
|---|---|---|---|---|---|
| 1 | 104/15 | മൗക്കോട് PHC മെയിന്റനൻസ് | 3 ലക്ഷം | 1. സുബിൻ ആന്റണി-%E/R<br>2.അരുൺ ജോസ്-1%above E/R | സുബിൻ ആന്റണി-%E/R |

| | | | | | |
|---|---|---|---|---|---|
| | | | | 3.ജോബി.എൻ.ജെ-2.4%above E/R | |

മേൽ പറഞ്ഞ പരകാരം തയ്യാറാക്കിയ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പഞ്ചായത്ത് തീരുമാനം നമ്പർ 3/2015 തീയതി 07.01.2015 പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുന്നതിന് ശ്രീ. സുബിൻ ആന്റണി എന്ന കരാറുകാരന് അനുമതി നൽകുകയും ചെയ്തു. പ്രവൃത്തി ചെയ്തതിന് കരാറുകാരന് താഴെ വിവരിക്കും പ്രകാരം ₹ 2,63,172/- നൽകിയിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം (എം ബുക്ക് നം 111/14-15, പേജ് 21 പ്രകാരം) | ₹ 2,79,971 /- |
| (-) വാറ്റ് 4% | ₹ 11,199/- |
| (-) ആദായ നികുതി 1% | ₹ 2800/- |
| (-) KCWWF 1% | ₹ 2800/- |
| കരാറുകാരന് നൽകിയ തുക | ₹ 2,63,172/- |

ഏറ്റവും കുറഞ്ഞ തുകയുള്ള (എസ്റ്റിമേറ്റ് നിരക്കിനെക്കാളും 2.4% കുറവ്) ടെണ്ടർ സമർപ്പിച്ച കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കേണ്ടതിന് പകരം കൂടിയ നിരക്ക് 'ക്വാട്ട്' ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചത് ക്രമ പ്രകാരമല്ല . കൂടിയ നിരക്ക് 'ക്വാട്ട്' ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചതുമൂലം ചുവടെ പറയും പ്രകാരം 6,316/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| | |
|---|---|
| ആകെ അളവ് മൂല്യം | ₹2,79,971/- |
| (-) 2.4% ടെണ്ടർ കിഴിവ് | ₹ 6,719/- |
| ആകെ | ₹2,73,252/- |
| (-) ആകെ കുറയ്ക്കേണ്ട നികുതികൾ(വാറ്റ് 4%, ആദായ നികുതി 1%, KCWWF 1%) | ₹16,396/- |
| കരാറുകാരന് അനുവദിക്കേണ്ട തുക | ₹ 2,56,856/- |
| കരാറുകാരന് നൽകിയ തുക | ₹ 2,63,172/- |
| അധികം നൽകിയ തുക | ₹ 6,316/- |

പ്രവൃത്തിക്കായി അധികം ചെലവഴിച്ച 6,316/- രൂപ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 6,316/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.9 തീ: 10.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-6 അംഗൺവാടി കെട്ടിട നിർമ്മാണം പ്രവൃത്തി - തെറ്റായ നിരക്ക് അനുവദിച്ചതിനാൽ

## **2,570/-** രൂപയുടെ നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കാവു കാട്ട് അംഗൺവാടി കെട്ടിട നിർമ്മാണം(182/16) |
| ഫണ്ട് | ജില്ലാ പഞ്ചായത്ത.Rs.8,50,000/- തനത്.Rs.50,000/- |
| എസ്റ്റിമേറ്റ് തുക | Rs.9,00,000/- |
| കോൺട്രാക്ടറുടെ പേര് | സുബിൻ ആൺറ്റൊണി. |
| ടെണ്ടർ നിരക്ക് | 0.01% 'ടെണ്ടർ കുറവ് |
| ആകെ അളവ് മൂല്യം | Rs.6,62,192/- |
| എം. ബുക്ക് നം, പേജ് നമ്പർ | 122,123,124/14-15 |
| ബിൽ നമ്പർ, തീയ്യതി & തുക | 1/1-16/22.12.2015. Rs.6,62,192/- |

പ്രവൃത്തിയുടെ 1-മത്തെ ഇനമാണ് കെട്ടിടത്തിന്റെ അസ്ഥിവാരം,ലീച്ച് പിറ്റ്, കോംപൗണ്ട് വാൾ അസ്ഥിവാരത്തിന വേണ്ടി സാധാരണ മണ്ണ് കിളിച്ച് മാറ്റുന്നതാണ് ( ' Earth work excavation in ordinary soil and depositing on the bank with initial lead up to 50m and lift up to 1.50m including breaking clods,watering,') അംഗീകരിച്ച എസ്റ്റിമേറ്റും, അളവുപുസ്തകത്തിലും സാധാരണ മണ്ണ് കിളിച്ച് മാറ്റുന്നതെന്ന് (earth work in ordinary soil ) എന്ന് രേഖപ്പെടുത്തി അളവുമൂല്യം നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ നിരക്ക് നൽകിയിരിക്കുന്നത് സാധാരണ മണ്ണ് കിളിച്ച് മാറ്റുന്നതിന് പകരം ഉറപ്പുള്ള മണ്ണ് കിളിച്ച് മാറ്റുന്നതിന്റെയാണ്. എം. ബുക്ക് നമ്പർ 122/14-15, പേജ് നമ്പർ 1ഉം,2 ൽ, 20.43 ഘനം മീറ്റർ പ്രവൃത്തിക്ക് 10 ഘനം മീറ്ററിന് 2,710/- നിരക്കിൽ 5,536.53/- രൂപയാണ് നൽകിയത്. ഒരു മീറ്ററിന് അനുവദനീയമായ നിരക്ക് താഴെ നൽകുന്നു.

Data for Earth work excavation in Ordinary soil.-10m3

| Labour | Unit | Rate | Amount |
|---|---|---|---|
| 1.10 | Man/each | 377.00 | 414.70 |
| 2.25 | Man /each | 377.00 | 848.25 |
| | | Total | 1262.95 |
| | | With 10%CP and 5% Overhead charge | 1452.39 |
| | | say | Rs.1,452/-10m3 |

മേൽ വിവരിച്ച പ്രകാരം 2012-ലെ പൊതുമരാമത്ത് നിരക്കിൽ മേൽ പ്രവൃത്തിക്ക് 10 ഘന മീറ്ററിന് 1,452/- രൂപയ്ക്കാണ് അർഹത. 20.43 ഘന മീറ്റർ പ്രവൃത്തിക്ക് 1,452/- രൂപ നിരക്കിൽ 2,966/- രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ അധിക നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്തിന് 2,570/- രൂപയുടെ (5,536-2,966x0.01%) നഷ്ടം വന്നിട്ടുണ്ട്. ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.(Audit Enquiry.No.3.dt.10.01.2017)

## **3-7** എച്ചിലകയം വരംബുപാറ റോഡ് നവീകരണം പ്രവൃത്തി - തെറ്റായ നിരക്ക് അനുവദിച്ചതിനാൽ **15,223/-** രൂപയുടെ നഷ്ടം

| | |
|---|---|
| | എച്ചിലകയം വരംബുപാറ റോഡ് നവീകരണം.(85/160 |
| എസ്റ്റിമേറ്റ് തുക | Rs. 75,000/- |
| കോൺട്രാക്റ്ററുടെ പേര് | ശ്രീ.എം.ജെ.കുറിയൻ |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| ആകെ അളവ് മൂല്യം | Rs.65,168/- |
| എം. ബുക്ക് നം. | 63/15-16 |
| ബിൽ നമ്പർ, തീയ്യതി & തുക | 78/3-16, 15.03.2016. Rs.65,168/- |

ഈ പ്രവൃത്തിക്ക് വേണ്ടി 75,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാരാക്കിയിരിക്കുന്നത് 2014ലെ DSR,cost index 1.3048 പ്രകാരമാണ്. റോഡ് നവീകരണത്തിനായി ഒന്നാമത്തെ ഇനമായ Code No. 2.6.1. “earth work in surface by mechanical means /manual means over area not exceeding 30cm, In depth 1.5 m in width as 10 sqm plan including disposal of excavated earth up to 50m. And lift up to 1.5m, disposed soil to be leveled and neatly dressed.” ഈ പ്രവൃത്തിക്ക് നിരക്ക് നൽകിയിരിക്കുന്നത് 1 ഘനം മീറ്ററിന് 264.91/- രൂപയാണ്. എം. ബുക്ക് നമ്പർ 63/15-16, പേജ് നമ്പർ 3 ൽ, 246 ഘനം മീറ്റർ പ്രവൃത്തിക്ക് 1 ഘനം മീറ്ററിന് 264.91/- നിരക്കിൽ 65,167.86/- രൂപയാണ് നൽകിയത്. Code No.2.6.1. പ്രകാരം ഈ പ്രവൃത്തിക്ക് ഒരു ഘനം മീറ്ററിന് അനുവദനീയമായ നിരക്ക് 203.03/m3. വിവരം താഴെ നൽകുന്നു.

| | |
|---|---|
| 10 ഘനം മീറ്ററിന് | 1,352.84 |
| + 15% CPOH | 202.93 |
| Cost of 10 cum | 1,555.77 |
| ഒരു ഘനം മീറ്ററിന് | 155.60 |
| + cost index 1.3048 | Rs.203.03/m3 |

മേൽ വിവരിച്ച പ്രകാരം പ്രവൃത്തിക്ക് ഘനം മീറ്ററിന് 203.03/- രൂപയ്ക്കാണ് അനുവദനീയമായ നിരക്ക്. 246 ഘന മീറ്റർ പ്രവൃത്തിക്ക് 203.03/- രൂപ നിരക്കിൽ 49,945/- രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ അധിക നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്തിന് 15,223/- രൂപയുടെ (65,168-49,945) നഷ്ടം വന്നിട്ടുണ്ട്. ടി തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.(Audit Enquiry.No.3.dt.10.01.2017)

## 3-8 ഇന്റർലോക്ക് പേവിംഗ് പ്രവൃത്തി - അധികം ചെലവ് -

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വിവിധ അംഗൺവാടി മെയിന്റനൻസ് (255/16) |
| ഫണ്ട് | മെയിന്റനൻസ് |
| എസ്റ്റിമേറ്റ് തുക | Rs.3,00,000/- |
| കോൺട്രാക്റ്ററുടെ പേര് | ശ്രീ.രാജീവ് കുമാർ.പി.ആർ |

| | |
|---|---|
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ റേറ്റ് |
| ആകെ അളവ് മൂല്യം | Rs.3,00,000/- |
| എം. ബുക്ക് നം, പേജ് നമ്പർ | 105/15-16 |
| ബിൽ നമ്പർ, തീയ്യതി & തുക | 49/3.16 dt.22.03.16. Rs.3,00,000/- |

2015-16 വർഷം നടപ്പിലാക്കിയ എളരി അംഗൺവാടി മെയിന്റനൻസ് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം ഇന്റർലോക്ക് പേവിംഗിന് 2014 ലെ DSR. പ്രവൃത്തിയിനം. Code No.16.68. “Providing and laying 60mm thick factory made cement concrete interlocking paver block of m-30 grade made by block making machine with strong vibratory compaction, of approved size,design shape, laid in required colour and pattern over and including 50mm thick compacted bed of coarse sand filling the joints with fine sand etc.” ആവശ്യമെങ്കിലും എസ്റ്റിമേറ്റിലെ 7 മത്തെ ഇനത്തിൽ ഫുട്ട്പ്പാത്ത്,പാർക്ക്,ട്രാഫിക്ക് പാർക്കിംഗ് എന്നീ ആവശ്യത്തിനുള്ള ഇന്റർലോക്ക് പേവിംഗിന് വാങ്ങി ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇന്റർലോക്ക് പേവിംഗിനങ്ങൾക്ക് അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>അനുവദിച്ച ഇന്റർലോക്ക് പേവിംഗ്</u>

| ക്രമ നം | കോഡ്, ഇനം | അനുവദിച്ച നിരക്ക് | |
|---|---|---|---|
| 1. | Code No.16.91. “Providing and laying factory made coloured chamfered edge cement concrete paver blocks of required strength,thickness and size made by table vibratory method using PU mould, laid in required coloured pattern over 50mm thick compacted bed of fine sand, compacting and proper embedding of inter locking paver blocks in to the sand bedding layer through vibratory compaction by using plate vibrator filling joints with sand and cutting of paver blocks as per required size and pattern,finishing and sweeping extra sand in footpath,parks,lawns,drive ways or light traffic parking etc,complete as per manufacturer's specifications and direction of Engineer in charge, 60mm thick c.c paver block of M35 grade with approved colour,design and pattern. | Rate for 10sqm | 6437.96 |
| | | 15%.CPOH charge | 965.69 |
| | | Rate for 10sqm | 7403.65 |
| | | Rate for 1 sqm | 740.37 |

| | | | |
|---|---|---|---|
| | | | |
| | | Rate including 1.3048 cost index | Rs.966.01/m2 |
| | | | |
| | | | |

അനുവദനീയമായ ഇന്റർലോക്ക് പേവിംഗ്

| ക്രമ നം | കോഡ്, ഇനം | അനുവദനീയമായ നിരക്ക് | |
|---|---|---|---|
| 1. | Code No.16.68. “Providing and laying 60mm thick factory made cement concrete interlocking paver block of m-30 grade made by block making machine with strong vibratory compaction, of approved size,design shape, laid in required colour and pattern over and including 50mm thick compacted bed of coarse sand filling the joints with fine sand etc.” | Rate for 10sqm | 5,236.56 |
| | | 15%.CPOH charge | 785.48 |
| | | Rate for 10sqm | 6,022.04 |
| | | Rate for 1 sqm | 602.20 |
| | | Rate including 1.3048 cost index | Rs.785.75/m2 |
| | | | |

| ഇന വിവരം | അനുവദിച്ച അളവുമൂല്യം | അനുവദനീയമായ അളവുമൂല്യം |
|---|---|---|
| Code No.16.68. “Providing and laying 60mm thick factory made cement concrete interlocking paver block of m-30 grade made by block making machine with strong | 69.42 m2 x 966.01/m2 = Rs.67,060.41 | |

| | | |
|---|---|---|
| vibratory compaction, of approved size,design shape, laid in required colour and pattern over and including 50mm thick compacted bed of coarse sand filling the joints with fine sand etc.” | =Rs.67,060/- | |
| Code No.16.91. “Providing and laying factory made coloured chamfered edge cement concrete paver blocks of required strength,thickness and size made by table vibratory method using PU mould, laid in required coloured pattern over 50mm thick compacted bed of fine sand, compacting and proper embedding of inter locking paver blocks in to the sand bedding layer through vibratory compaction by using plate vibrator filling joints with sand and cutting of paver blocks as per required size and pattern,finishing and sweeping extra sand in footpath,parks,lawns,drive ways or light traffic parking etc,complete as per manufacturer's specifications and direction of Engineer in charge, 60mm thick c.c paver block ;of M35 grade with approved colour,design and pattern. | | 69.42 m2 x 785.75 m2 = Rs.54,546.76<br>Rs.54,547/- |
| | അധിക ചെലവ് | Rs.12,513/- |

ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിക്ക് Code No. 16.91 ന് പകരം Code No.16.68 പ്രകാരം പണി പൂർത്തികരിച്ചിരുന്നാൽ 12,513/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. അതിനാൽ ഈ പ്രവൃത്തിക്ക് ചെലവഴിച്ച 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (Audit Enquiry.No.3.dt.10.01.2017)

## 3-9 അംഗൺവാടികൾക്ക് സൈഡ് കെട്ടൽ ചുട്ടുമതിൽ നിർമ്മാണം - കരാറുകാരന് അധികം തുക നൽക്കിയതു - ഓഡിറ്റ്ൽ അംഗീകരിക്കുന്നതല്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അംഗൺവാടികൾക്ക് സൈഡ് കെട്ടൽ ചുട്ടുമതിൽ നിർമ്മാണം. (265/16) |
| എസ്റ്റിമേറ്റ് തുക | ₹.2,00,000/- |
| കോൺട്രാക്ടറുടെ പേര് | |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| ആകെ അളവ് മൂല്യം | ₹.1,96,515/- |
| എം.ബുക്ക് നം. | 84/15-16 |
| ബിൽ നമ്പർ, തീയ്യതി & തുക | 35/3.16. dt.17.03.2016. ₹.1,96,515/- |

അംഗൺവാടിയുടെ സൈഡ് കെട്ടൽ ചുറ്റമതിൽ നിർമ്മാണം പ്രവൃത്തിക്കായി 2014 ലെ ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 3 ഇനങ്ങളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 2ാം മത്തെ ഇനം “ Code.No.4.1.6. Providing and laying in position cement concrete of specified grade,excluding the cost of cenetering and shuttering (1:3:6) all work up to plingth level.” എന്നതാണ്.

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പ്രകാരം 2 മത്തെ ഇനം പ്രവൃത്തിയായി ( Code.No.4.1.6. Providing and laying in position cement concrete of specified grade,excluding the cost of cenetering and shuttering (1:3:6) all work up to plingth level ) 26.58 $m^3$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. (എം. ബുക്കിലെ പേജ് 2 ). ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് 6363.48/$m^3$ എന്ന നിരക്കിൽ 1,69,141/-/- രൂപ അളവ് മൂല്യം നിർണ്ണയിക്കേണ്ടതിന് പകരം അളവുപുസ്തകം പേജ് 5 ൽ, 26.98 $m^3$ അളവ് പ്രവൃത്തി കണക്കാക്കി ₹ 1,71,686.69/- (26.98m3 x 6363.48/m3) കരാറുകാരന് അനുവദിച്ചിട്ടുണ്ട് . അയതിനാൽ ₹ 2,545/- (171686.69–169141.28) അധികം നൽക്കിയതു ഓഡിറ്റിൽ അംഗീകരിക്കുന്നതല്ല. ടി തുക നിർവ്വഹണോദ്യോഗസ്ഥൻ നിന്ന് ഈടാക്കേണ്ടതാണ്. (Audit Enquiry.No.3/10.01.2017)

## 3-10 വിനിയോഗസാക്ഷ്യപത്രം - ലഭ്യമാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി 5,91,344/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.09.01.2017)

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം /വൗച്ചർ .നം./ തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം 263/16 നറക്കിലക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HT ലൈൻ മാറ്റി സ്ഥാപിക്കുന്നത് ഡെപ്പോസിറ്റ് ചെയ്തു | 21501176/30.03.2016 | 1,31,784/- | അസി.എൻജിനിയർ കെ.എസ്.ഇ.ബി.ഭീമനടി സെക്ഷൻ.ഡി.ഡി.നം.30.03.2016 |
| 2 | സെക്രട്ടറി | പ്രൊ.നം.271/16 സർക്കാർ ഉത്തരവ് നം.1228/2016 dt.08.03.2016 പ്രകാരം ഇൻഫർമേഷൻ കേരള മിഷിൻ വിഹിതം നൽക്കിയത് | 21501193/30.03.2016 | 69,560/- | എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷിൻ തിരുവനന്തപുരം ഡ്.ഡി.നം 977762/20.04.2016 |
| 3 | സെക്രട്ടറി | പ്രൊ.നം.222/16/16<br>തെരുവുനായ പ്രജനന നിയന്ത്രണ പരിപാടി | 21500889/25.02.2016 | 2,00,000/- | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് ഡി.ഡി.നം. 977240/18.02.2016 |
| 4 | സെക്രട്ടറി | പ്രൊ.നം.123/16 | 21500890/25.02.2016 | 1,00000/- | എക്സിക്യൂട്ടിവ് ഡയറക്ടർ |

| | | | | | |
|---|---|---|---|---|---|
| | | സാമൂഹ്യ സുരക്ഷാമിഷിൻ വിഹിതം | | | കേരളാസോഷ്യിൽ സെക്യൂരിറ്റി മിഷൻ തിരുവനന്തരം. ഡി.ഡി. നം 977241/18.02.2016 |
| 5 | സെക്രട്ടറി | പ്രൊ.നം.223/16 കളിപ്പാറ കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്തു | 21500891/25.02.2016 | 90,000/- | F/M of CAO കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം. |
| | | | ആകെ | 5,91,344/- | |

## 3-11 പൊതു ടാപ്പുകളുടെ ചാർജ്ജ് ഒടുക്കുന്നതിന് ശരിയായ കണക്കുകളില്ല.

കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിൽ 216 പൊതു ടാപ്പുകൾക്ക് 10,74,125/- രൂപ ചാർജ്ജ് ഒടുക്കി ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് അധികൃതർക്ക് ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നില്ല.

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ പൊതു ടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 54,756/-രൂപ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ആയതിന് കെ.എസ്.ഇ.ബി. യിൽ പ്രതിമാസം ഒടുക്കുന്ന തുക എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ തുക മാത്രം രേഖപ്പെടുത്തി പ്രതിമാസം കെ.എസ്.ഇ.ബി. നൽകിവരുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി.യും, ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഏതെല്ലാം ഇനത്തിൽ പെട്ട വിളക്കുകൾക്കാണ് പഞ്ചായത്ത് ഇതേവരെ വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് എന്ന വിവരം പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവു വിളക്കുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവു വിളക്കുകളും ഇപ്പോഴും കത്തുന്നുണ്ടോ എന്നും കത്തുന്ന വിളക്കുകൾക്ക് തന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും നിലവിൽ പഞ്ചായത്തിലെ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ രേഖകളിൽ നിന്നോ കൃത്യമായ വിവരം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, കൃത്യമായ പരിശോധനകൾ നടത്തി, ഇതു പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-13 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ.

ഗ്രാമ പഞ്ചായത്തിലെ 40 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം പുലരി അമൃതം ഫുഡ് സപ്ലിമെന്റ് കായാണി, കരിന്തളം നീലേശ്വരം ന്യൂട്രിമിക്സ് യൂനിറ്റ്, എന്ന സ്ഥാപനത്തിൽ നിന്നും വിവിധ

മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ആകെ 8,595/- കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 4,81,320/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 10/28.12.2016 പ്രകാരം മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-14 പാലിയേറ്റീവ്കേയർ പദ്ധതി - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കുവാനുള്ളത് 1,64,751/-രൂപയുടെ മരുന്നുകളു

പാലിയേറ്റീവ്കേയർ പദ്ധതി പ്രകാരം മരുന്നും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 6,69,600/-രൂപ (Project No 125/15-16 പ്രകാരം 5,00,000/-രൂപയും, Project No 124/15-16 പ്രകാരം 1,69,600/-രൂപയും,) നൽകിയെങ്കിലും മരുന്നും ഇതുവരെയും പി.എച്ച്.സിയ്ക്ക് ലഭിച്ചത് 5,04,849. അതിനാൽ ലഭിക്കുവാനവശേഷിക്കുന്ന മരുന്നുകളും എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ലഭ്യമായതിനുശേഷം സ്റ്റോക്ക്-വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് വിശദവിവരം ചുവടെ ചേർക്കുന്നു.

| Billനമ്പർ | KMSCLന് നൽകിയ തുക | ലഭിച്ച മരുന്നിന്റെ /ഉപകരണങ്ങളുടെ മൂല്യം | അവശേഷിക്കുന്ന തുക |
|---|---|---|---|
| 11/15-16 | 1,00,000/- | 80,980/- | 19,020/- |
| 10/15-16 | 4,00,000/- | 2,90,614/- | 1,09,386/- |
| 9/15-16 | 69,600/- | 56,791/- | 12,809/- |
| Voucher No 2150119 dt -31.03.2016 | 1,00,000/- | 76,464/- | 23,536/- |
| Total | | 5,04,849/- | 1,64,751/- |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ | 27-11-2015 | 34,780 | ശാരീരിക മാനസിക | 34,780 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് കാസർഗോഡ് | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(Project no-44/16) | | |
| ജില്ലാ പഞ്ചായത്ത് കാസർഗോഡ് | 26-03-2015 | 50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(Project no-139/16) | 50,000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 23-02-2015 | 50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുളിപ്പാറ കുടിവെള്ളപദ്ധതി-വാട്ടർഅതോറിറ്റിക്ക് ബാക്കി തുക ഡെപോസിറ്റ് ചെയ്യൽ(പദ്ധതി നമ്പർ -223/16) | 839/16 dt-19-02-2016 | 90,000 | ഇല്ല | 90,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | സ.ഉ(സ) | 1,29,50,000 | 35,17,040 | 15,17,500 | - | 19,99,540 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | നം.565/10 തസ്വഭവ,തി. 27-2-2010 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,13,862 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പറും തിയതിയും |
|---|---|---|---|---|
| 2010-11,11-12 | 3/7 | 1,195 | സി.എച്ച്.അബ്ദുൾ അസീസ്,പാർടൈം സ്വീപ്പർ | 1150110062/07-04-2015 |
| ടി | 3/8 | 10,000 | സൂര്യ കുടുംബശ്രീ | 11501101284/17-07-2015 |
| ടി | 3/8 | 10,000 | അക്ഷയ കുടുംബശ്രീ | 11501101288/17-07-2015 |
| ടി | 3/8 | 10,000 | സൗഭാഗ്യ കുടുംബശ്രീ | 11501101289/17-07-2015 |
| ടി | 3/8 | 10,000 | തേജസ് കുടുംബശ്രീ | 11501101290/17-07-2015 |
| ടി | 3/8 | 10,000 | കൈരളി പുരുഷ സ്വയം സഹായ സംഘം | 11501101445/03-08-2015 |
| ടി | 3/8 | 62,667 | ഉമേഷ്. എൻ, അസി.എഞ്ചിനിയർ | 11501101834/10-09-2015 |
| | | 1,13,862 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 plan | 10 | 2005-06 | 2.94.1 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് 29,25,000 | വിനിയോഗസാക്ഷ്യ പത്രം സമർപ്പിച്ചിട്ടുണ്ട്. |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 4.1.7 | നിഷ്ക്രിയാവസ്ഥയിലുള്ള വിവിധ കുടിവെള്ള പദ്ധതികൾ | മറുപടി ലഭ്യമാക്കിയിട്ടില്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് 2013-14 | - | 2014-15 | 5.7.7 | പറമ്പ ICDP സബ്സെന്റർ 8 വർഷമായി വാടക | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | ക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹13,09,05,138 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,93,60,544 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,40,398 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,00,000 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(I) | -ഇല്ല- | ₹ 11,544/- | ശ്രീ. സാജു.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-1(II) | | ₹ 9,982/- | ശ്രീ. സാജു.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-1(III) | | ₹ 5,222/- | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-1(IV) | | ₹ 1,526 | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-2 | | ₹ 18,894/- | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-3 | | ₹ 11,640/- | ശ്രീ. സാജു.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-4 | | ₹ 44,968/- | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-5 | | ₹ 6,316/- | ശ്രീ.ഉമേഷ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-6 | | ₹ 2,570 | ശ്രീമതി.ഷീന,അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-7 | | ₹15,223 | ശ്രീമതി.ഷീന,അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-8 | | ₹12,513 | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | ₹1,40,398 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(9) | 3,00,000 | ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാജു.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം ജില്ല. | സാജു നിവാസ്, എ.ടി.ആർഎ 4/33, നിയർ ടൗൺ യു.പി.എസ്, പാലസ് റോഡ്, ആറ്റിങ്ങൽ (പി.ഒ), തിരുവനന്തപുരം. |
| ശ്രീ.മോഹനൻ.പി.വി, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | പട്ടുവം വീട്ടിൽ പേരോൽ,എംഎം പേരൂൽ ബസാർ പി.ഒ ,കണ്ണൂർ ജില്ല. |
| ശ്രീ.ഉമേഷ്.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD നീലേശ്വരം നഗരസഭ | റാംപെത്ത് ഹൗസ്,കണ്ടോത്ത് (പി.ഒ) പയ്യന്നൂർ, കണ്ണൂരി ജില്ല. |
| ശ്രീമതി.ഷീന,അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD വരവൂർ ഗ്രാമ പഞ്ചായത്ത് തൃശ്ശൂർ ജില്ല. | അളകനന്ദ-റസിഡൻസി, അയ്യന്തോൾ.പി.ഒ ചുങ്കം,തൃശ്ശൂർ ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1975-76 | എൽ.എഫ്.കെ.എസ്.ഡി-4: 426/97, തി: 30.08.97 | 1 |
| 1977-78 | എൽ.എഫ്.കെ.എസ്.ഡി-4: 426/97, തി: 30.08.97 | 1 |
| 1985-86 | എൽ.എഫ്.കെ.എസ്.ഡി-4:426/97, തി: 30.08.97 | 2 |
| 1986-87 | എൽ.എഫ്.കെ.എസ്.ഡി-4:426/97, തി: 30.08.97 | 4 |
| 1987-88, 1988-89, 1989-90 | എൽ.എഫ്.കെ.എസ്.ഡി-5:575/99, തി: 20.12.2000/13.09.01 | 7 |
| 19996-97 (Exp) | എൽ.എഫ്.കെ.എസ്.ഡി-5:481/98 ,തി:08.01.02/08.05.02 | 7 |

| | | |
|---|---|---|
| 1996-97 | എൽ.എഫ്.കെ.എസ്.ഡി-4:433/03 ,തി:18.08.03/11.09.03 | 5 |
| 1997-98 (P) | എൽ.എഫ്.കെ.എസ്.ഡി-4:338/04, തി: 06.05.05 | 3 |
| 1998-99 (P) | എൽ.എഫ്.കെ.എസ്.ഡി-4:336/04, തി: 06.05.05 | 1 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-4: 337/04 തി: 06.05.05 | 3 |
| 2000-01 (P) | എൽ.എഫ്.കെ.എസ്.ഡി-4. 390/04 തി: 06.05.05 | 3 |
| 2001-02 (P) | എൽ.എഫ്.കെ.എസ്.ഡി-4:389/0, തി: 06.05.05 | 4 |
| 1990-91,1995-96 | എൽ.എഫ്.കെ.എസ്.ഡി-3:189/06 ,തി: 22.01.07/03.01.08 | 1 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി-4:430/05 ,തി:20.01.07 | 6 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി-3:204/07 ,തി:01.08.07/10.07.08 | 5 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി-3:809/0, തി:22.11.07/29.05.08 | 4 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി-3:810/0, തി: 22.11.07/29.05.08 | 5 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി-3 :811/0, തി: 28.01.08 | 5 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി-3:459/10, തി:16.09.10 | 9 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി-3:460/10, തി:16.09.10 | 14 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.എസ്.ഡി-4:66/10, തി:27.10.11 | - |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി-4:67/10, തി:25.10.11 | 7 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി-4;748/11, തി:10.02.12/10.07.12 | 16 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി-4:686/11, തി: 08.02.12/10.07.12 | 19 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി-3:237/12, തി: 18.10.12/30.01.13 | 14 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി-3:238/12, തി: 04.10.12/30.01.13 | 21 |
| 2010-11,2011-12 | എൽ.എഫ്.കെ.എസ്.ഡി-7:109/14, തി: 18.11.14/12.01.15 | 27 |
| 2012-13,2013-14 | എൽ.എഫ്.കെ.എസ്.ഡി-7: 89/15, തി: 13.05.15 | 21 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി-10: 727/16, തി: 14.07.16 | 2 |

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-10/70/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

E-mail:- doksd.ksad@kerala.gov.in

തീയതി. 13.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ

215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/10/70/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated:13.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of West Eleri Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of West Eleri Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod